പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -4958 27.06.2019-ലെ മറുപടി

## കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവീസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി സി ജോർജ്ജ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവീസ് റൂൾസ് ഭേദഗതി ചെയ്ത് പുതുതായി ഉൾപ്പെടുത്തിയ തസ്തികകൾക്ക് പി.എസ്.സി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | പി.എസ്.സി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനായി കേരള പബ്ലിക്ക് സർവീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ലാസ്റ്റ് ഗ്രേഡ് സബോർഡിനേറ്റ് സർവീസ് പ്രകാരം എത്ര ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വ്യക്തമാക്കുമോ; | (ബി) | പൊതുഭരണ സെക്രട്ടറിയേറ്റിലെ 40 ഒഴിവുകളും, നിയമ വകുപ്പുകളിലെ 4 ഒഴിവുകളും ധന വകുപ്പിലെ 4 ഒഴിവുകളും ഉൾപ്പെടെ 48 ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | സബോർഡിനേറ്റ് സർവീസിലുൾപ്പെട്ട ഡ്യൂപ്ലിക്കേറ്റ് മെഷീൻ ഓപ്പറേറ്റർ പോലുള്ള തസ്തികകളിൽ സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട ഓഫീസ് അറ്റൻഡന്റുമാർക്ക് കാറ്റഗറി ചെയ്ഞ്ച് (പ്രമോഷൻ) ചെയ്യുവാൻ എന്തെങ്കിലും നിയമതടസ്സം നിലവിൽ ഉണ്ടോ, വ്യക്തമാക്കാമോ; | (സി) | 03.02.2016 ലെ GO (P)No.8/2016/GAD ഗവൺമെന്റ് ഉത്തരവ് പ്രകാരം സെക്രട്ടറിയേറ്റ് സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെടുത്തിയിട്ടുള്ള ഡ്യൂപ്ലിക്കേറ്റ് മെഷീൻ ഓപ്പറേറ്റർ, ലിഫ്റ്റ് ഓപ്പറേറ്റർ എന്നീ തസ്തികകളിൽ ഒഴികെ, സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ടിട്ടുള്ള ഓഫീസ് അറ്റൻഡന്റുമാർക്ക് കാറ്റഗറി ചേയ്ഞ്ച് (പ്രൊമോഷൻ) ചെയ്യുന്നതിന് നിയമ തടസമില്ല. ഡ്യൂപ്ലിക്കേറ്റ് മെഷീൻ ഓപ്പറേറ്റർ, ലിഫ്റ്റ് ഓപ്പറേറ്റർ എന്നീ തസ്തികകളുടെ നിയമന രീതി "By transfer from Last Grade Servants in the Secretariat" ആയതിനാലും, 24.04.2018 ലെ GO(P) 6/18/P&RD ഗവൺമെന്റ് ഉത്തരവ് പ്രകാരം ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തിക കേരള ലാസ്റ്റ് ഗ്രേഡ് സർവീസ് സ്പെഷ്യൽ റൂളിൽ നിന്നും ഒഴിവാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതിനാലുമാണ് ഈ തടസം. |
| (ഡി) | നിലവിൽ മത്സരപരീക്ഷകൾ നടത്താൻ പി.എസ്.സി ക്ക് സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ